# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 864 11/07/2016 ൽ മറുപടി

### പാഠപുസ്തകങ്ങളുടെ ലഭ്യത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | പാഠപുസ്തകങ്ങളുടെ ലഭ്യത മുൻകൂട്ടി ബോദ്ധ്യപ്പെടാമെന്നിരിക്കെപോലും അത് യഥാസമയം ഉറപ്പാക്കുന്നതിന് കഴിയാത്ത സ്ഥിതി വർഷങ്ങളായി തുടരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ; | പേപ്പർ പർച്ചേസ് നടപടികളിൽ ഉണ്ടാകുന്ന കാലതാമസവും യഥാസമയം ഇൻഡന്റിംഗ് നൽകാതെ വരുന്നതു കൊണ്ടുള്ള പ്രയാസങ്ങളും കൊണ്ടാണ് പാഠപുസ്തക അച്ചടിയും വിതരണവും നിശ്ചയിച്ചിട്ടുള്ള സമയത്ത് തന്നെ പൂർത്തിയാക്കാൻ കഴിയാതെ വരുന്നത്. ആയത് കണക്കിലെടുത്ത് പേപ്പർ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ച്, 2016-17 മുതൽ 2 വർഷത്തേക്ക് പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് വാങ്ങി 1 മുതൽ 10 വരെയുള്ള ക്ലാസുകളിലേക്കുള്ള സ്കൂൾ പാഠപുസ്തകങ്ങൾ അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്യുന്നതിന് കെ.ബി.പി.എസ്.-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ അച്ചടിയുടെയും വിതരണത്തിന്റെയും പുരോഗതി നിരന്തരം അവലോകനം നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. യഥാസമയം പ്രിന്റ് ഓർഡർ കെ.ബി.പി.എസ്. ന് നൽകുന്നതിനുള്ള കർശന നിർദ്ദേശം ടെക്സ്റ്റ് ബുക്ക് ഓഫീസർക്ക് നൽകിയിട്ടുണ്ട്. 2016-17 അധ്യയനവർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണം അധ്യയനവർഷാരംഭത്തിന് മുമ്പ് തന്നെ പൂർത്തിയാക്കണമെന്ന് സി-ആപ്റ്റിനു നിർദേശവും നൽകിയിട്ടുണ്ട്. |
| (ബി) | യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | |
| (സി) | പാഠപുസ്തക അച്ചടി സംബന്ധിച്ച് അനുബന്ധ വകുപ്പുകളുമായി ആലോചിച്ച് ഒരു പ്രവർത്തന കലണ്ടർ ഉണ്ടാക്കി അതനുസരിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ